"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - കാസർകോഡ് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ -ബാലകൃഷ്ണ.എസ്-ന്റെ ഭാര്യ ശ്രീമതി.ബബിത.എ.എം - ആഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.213/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2021

---

പരാമർശം:-

1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ..ഭ.പ.വ. നമ്പർ ഉത്തരവ് .
2. ശ്രീമതി.ബബിത.എ.എം സമർപ്പിച്ച 06.09.2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 19.07.2019 തീയതിയിലെ ഇ4-28655/2019 നമ്പർ കത്ത്.
4. 21.02.2018. തീയതി സ.ഉ.(കൈ) നം. 05/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
5. കാസർകോഡ് ജില്ലാ കളക്ടറുടെ 28.09.2019 തീയതിയിലെ DCKSGD/11678/2019-A5 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കാസർകോഡ് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.10.2017 തീയതിയിൽ മരണമടഞ്ഞ ബാലകൃഷ്ണ.എസ്-ന്റെ ഭാര്യ ശ്രീമതി.ബബിത.എ.എം(മുനിസിപ്പൽ ക്വാർട്ടേഴ്സ്, അശോക് നഗർ പി.ഒ, കാസർകോഡ്) അപേക്ഷ സമർപ്പിച്ചിരുന്നു. ബാലകൃഷ്ണ.എസ്-ന്റെ സേവനകാലം 22 വർഷവും 02 മാസവും 14 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 17.05.1971 , 23.08.1995 ആണ്. നഗരകാര്യ ഡയറക്ടറും കാസർകോഡ് ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷക എട്ടാം തരം വരെ പഠിച്ചിട്ടുണ്ട്. ടിയാരിയുടെ ജനന തീയതി 30.06.1977 എന്നതാണ്. ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും കാസർകോഡ് നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതനായി അപേക്ഷകയെ കൂടാതെ പ്രായപൂർത്തിയാകാത്ത മകൻ മാത്രമാണുള്ളത്. ശ്രീമതി.ബബിത.എ.എം-ന്റെ കുടുംബ വാർഷിക വരുമാനം 36,000/- രൂപയാണെന്ന് (മുപ്പത്തി ആറായിരം രൂപ മാത്രം) കാസറകോഡ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർകോഡ് നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 09.10.2017 തീയതിയിൽ മരണമടഞ്ഞ

ബാലകൃഷ്ണ.എസ്-ന്റെ ഭാര്യ ശ്രീമതി.ബബിത.എ.എം-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , കാസർകോഡ് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ആഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5 ശതമാനത്തിൽ ടി ആശ്രിത നിയമനം അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4.ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി /അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കാസർകോഡ് നഗരസഭ
ജില്ലാ കളക്ടർ , കാസറകോഡ്.
ശ്രീമതി.ബബിത.എ.എം,W/o ബാലകൃഷ്ണ.എസ്(L), മുനിസിപ്പൽ ക്വാർട്ടേഴ്സ്, അശോക് നഗർ പി.ഒ, കാസർകോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/138/2019-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ